ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 05.04.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ശ്രീലങ്കൻ സന്ദർശനം തുടരുന്നു; മത്സ്യത്തൊഴിലാളി വിഷയത്തിൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കാൻ ഇരുരാജ്യങ്ങൾ തമ്മിൽ ധാരണ.

**Prime Minister Narendra Modi's visit to Sri Lanka continues; both countries agree to adopt a humanitarian approach to the issue of fishermen.**

2) എൻജിനിയറിംഗ് വിസ്മയമായ, നവീകരിച്ച പാമ്പൻപാലം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും.

**Prime Minister Narendra Modi will dedicate the new Pamban Bridge, an engineering marvel, to the nation tomorrow.**

3) അടുത്ത വർഷം മാർച്ചോടെ ഛത്തീസ്ഗഢിൽ നക്സൽ ഭീകരത അവസാനിപ്പിക്കുമെന്ന് ആവർത്തിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

**Union Home Minister Amit Shah reiterated the resolve that red terror will end in Chhattisgarh by the end of March next year.**

4) ലഹരിക്കെതിരെയുള്ള ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി കേരളത്തിൽ 141 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു.

As part of Operation D-Hunt against drug abuse, 141 more cases were registered in Kerala.

5) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിങ്സിനെതിരെ ഡൽഹി ക്യാപിറ്റൽസിന് 25 റൺസ് വിജയം ; രണ്ടാം മത്സരത്തിൽ പഞ്ചാബ്, രാജസ്ഥാനെ ബാറ്റിംഗിന് അയച്ചു.

Delhi Capitals beat Chennai Super Kings by 25 runs in the first match of today's IPL cricket; Punjab sent Rajasthan out to bat in the second match.

**********************************************

## PM - SRILANKA

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ശ്രീലങ്കൻ സന്ദർശനം തുടരുന്നു. ശ്രീലങ്കൻ പ്രസിഡൻറ് അനുര കുമാര ദിസനായകെയുമായി പ്രധാനമന്ത്രി ഇന്ന് കൊളംബോയിൽ ഉഭയകക്ഷി ചർച്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരവും വികസനാത്മകവുമായ പങ്കാളിത്തം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു കൂടിക്കാഴ്ച. പ്രതിരോധം, ഊർജം, വ്യാപാരം എന്നിവ ഉൾപ്പടെ വിവിധ മേഖലകളിലെ കരാറുകളിൽ ഇരുനേതാക്കളും ഒപ്പുവച്ചു. ഇന്ത്യയുടെ അയൽക്കാർ ആദ്യം എന്ന നയത്തിലും മേഖലയിലെ സുരക്ഷാ പങ്കാളിത്തത്തിലും ശ്രീലങ്കയ്ക്ക് വലിയ സ്ഥാനമാണ് ഉള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

(ഹോൾഡ്)

ദീർഘകാലമായി നിലനിൽക്കുന്ന മത്സ്യത്തൊഴിലാളി പ്രശ്നത്തിൽ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കാൻ ഇരുനേതാക്കളും തമ്മിൽ ധാരണയായി. ഇന്ത്യയുടെ എല്ലാവരുടെയും ഒപ്പം എല്ലാവരുടെയും വികസനം എന്ന

നയത്തെ ശ്രീലങ്കൻ പ്രസിഡന്റ് പ്രശംസിച്ചു. ശ്രീലങ്കയുടെ പരമോന്നത ബഹുമതിയായ മിത്ര വിഭൂഷണ പുരസ്കാരം പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് അനുര കുമാര ദിസനായകെ സമ്മാനിച്ചു. പുരസ്കാരം ഇന്ത്യൻ ജനതയ്ക്കുള്ളതാണെന്നും ഇരുരാജ്യങ്ങളും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തിനുള്ള തെളിവാണിതെന്നും ശ്രീ.നരേന്ദ്രമോദി പ്രതികരിച്ചു. മൂന്നു ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ വൈകിട്ടാണ് പ്രധാനമന്ത്രി ശ്രീലങ്കയിലെത്തിയത്.

**********************************************

## THE NEW PAMBAN BRIDGE-PM

രാജ്യത്തെ എൻജിനിയറിങ് വിസ്മയങ്ങളിലൊന്നായി വിശേഷിപ്പിക്കുന്ന പുതിയ പാമ്പൻപാലം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും. രാമനാഥപുരം ജില്ലയിലെ പാമ്പൻ ദ്വീപിനെയും രാമേശ്വരത്തെയും വൻകരയുമായി ബന്ധിപ്പിക്കുന്ന കടൽപ്പാലമാണ് പാമ്പൻപാലം. ചടങ്ങിൽ രാമേശ്വരത്തുനിന്ന് പാമ്പൻപാലത്തിലൂടെ താംബരത്തേക്കുള്ള പുതിയ തീവണ്ടി സർവീസും ശ്രീ.മോദി ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ റെയിൽവേയുടെ എൻജിനീയറിങ് വിഭാഗമായ റെയിൽ വികാസ് നിഗം ലിമിറ്റഡാണ് 535 കോടി രൂപ ചെലവിൽ പുതിയ പാലം നിർമിച്ചത്. സമുദ്രനിരപ്പിൽനിന്ന് ആറുമീറ്റർ ഉയരമുള്ള പുതിയ പാലത്തിന് 2.08 കിലോമീറ്ററാണ് ദൈർഘ്യം. കപ്പലുകൾക്ക് കടന്നുപോകാൻ ഒരു ഭാഗം ലംബമായി ഉയരുന്ന രാജ്യത്തെ ആദ്യ 'വെർട്ടിക്കൽ ലിഫ്റ്റിങ്' പാലമാണിത്. പുതിയ പാലം കണക്റ്റിവിറ്റി മെച്ചപ്പെടുത്തുകയും പ്രാദേശിക വികസനത്തെ പിന്തുണയ്ക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

**********************************************

## DAY VAISHNAW-TN VISIT

രാമേശ്വരത്തെ നവീകരിച്ച അത്യാധുനിക പാമ്പൻ പാലം രാജ്യ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായിരിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. കടലിൽ നിർമ്മിക്കുന്ന രാജ്യത്തെ ആദ്യ 'വെർട്ടിക്കൽ ലിഫ്റ്റിങ്' പാലമാണിതെന്നും തമിഴ് സംസ്കാരത്തിന്റെയും പുരാതന തമിഴ് നാഗരികതയുടെയും ചരിത്രത്തിലെ വാസ്തുവിദ്യാ അത്ഭുതമാണിതെന്നും അദ്ദേഹം പറഞ്ഞു.

********************************************

## SHAH-CHHATTISGARH (INTRO)

2026 മാർച്ച് അവസാനത്തോടെ ഛത്തീസ്ഗഢിൽ നക്സൽ ഭീകരത അവസാനിപ്പിക്കുമെന്ന് ആവർത്തിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഛത്തീസ്ഗഢിലെ ദന്തേവാഡയിൽ ആദിവാസി സാംസ്കാരിക പരിപാടിയായ, ബസ്തർ പാണ്ഡത്തിന്റെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആയുധം താഴെവെച്ച് മുഖ്യധാരയിലേക്ക് വരാൻ കേന്ദ്ര ആഭ്യന്തര മന്ത്രി മാവോയിസ്റ്റുകളോട് അഭ്യർത്ഥിച്ചു.

(ഹോൾഡ്)

ഛത്തീസ്ഗഢിലെ ആദിവാസി കലയും കരകൗശലവും പ്രോത്സാഹിപ്പിക്കുന്ന ബസ്തർ പാണ്ഡത്തെ അദ്ദേഹം പ്രശംസിച്ചു.

********************************************

## REV. WAQF BILL – MYTHS

2025-ലെ വഖഫ് ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട മിഥ്യാധാരണകൾ തിരുത്തി കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം. 1995-ലെ വഖഫ് നിയമത്തിന് മുമ്പും, 1995-ലെ വഖഫ് നിയമത്തിന് അനുസൃതമായും രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വത്തും റദ്ദാക്കില്ലെന്ന് മന്ത്രാലയം വ്യക്തമാക്കി. വഖഫ് ആയി പ്രഖ്യാപിച്ചു കഴിഞ്ഞാൽ, ആ സ്വത്ത് അത്തരത്തിൽ തന്നെ തുടരും. സ്വത്തുക്കളിൽ സുതാര്യതയും അവ മെച്ചപ്പെട്ട രീതിയിൽ കൈകകാര്യം ചെയ്യുന്നതിനുമാണ് ബിൽ ലക്ഷ്യമിടുന്നത്. വഖഫ് ബോർഡുകളിൽ മുസ്ലീങ്ങൾ അല്ലാത്തവരെ ഉൾപ്പെടുത്തുമെങ്കിലും അവർ ഭൂരിപക്ഷമായി ബോർഡ് രൂപീകരിക്കില്ല. വഖഫ് ആയി സ്വമേധയാ സമർപ്പിച്ചിരിക്കുന്ന സ്വത്തുക്കൾ മാത്രമേ പുതിയ നിയമത്തിൻറെ പരിധിയിൽ വരൂ. ഒരു സർക്കാർ സ്വത്ത് തെറ്റായി വഖഫ് ആയി തരംതിരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ജില്ലാ കളക്ടർ റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥന് ബിൽ അധികാരം നൽകുന്നു. എന്നാൽ നിയമാനുസൃതമായി പ്രഖ്യാപിച്ച വഖഫ് സ്വത്തുക്കൾ പിടിച്ചെടുക്കാൻ ബിൽ അധികാരം നൽകുന്നില്ലെന്നും ന്യൂനപക്ഷകാര്യ മന്ത്രാലയം വ്യക്തമാക്കി.

**********************************************

## PRESIDENT VISIT

രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം പോർച്ചുഗലും സ്ലോവാക് റിപ്പബ്ലിക്കും സന്ദർശിക്കും. ഈ മാസം ഏഴിന് പോർച്ചുഗലിലെത്തുന്ന രാഷ്ട്രപതി പോർച്ചുഗൽ പ്രസിഡൻറ് മാഴ്സെലോ റെബെലോ ഡിസൂസയുമായി പ്രതിനിധിതല ചർച്ച നടത്തും. തുടർന്ന് ഈ മാസം ഒൻപതിനും പത്തിനും രാഷ്ട്രപതി സ്ലോവാക്യയിൽ പര്യടനം നടത്തും.

********************************************

## UGC- ABROAD STUDENT

വിദേശത്ത് പഠനം പൂർത്തിയാക്കിയ, ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സമ്പ്രദായത്തിൽ വിദ്യാഭ്യാസം തുടരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി അടിസ്ഥാന തുല്യതാ ചട്ടക്കൂട് സ്ഥാപിക്കാൻ യു.ജി.സി. തീരുമാനം. വിദേശ സ്കൂളുകളിൽ നിന്നും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമുള്ള യോഗ്യതകൾ അംഗീകരിക്കുന്നതിന് സുതാര്യവും സാങ്കേതിക വിദ്യാധിഷ്ഠിതവുമായ ഒരു സംവിധാനം കമ്മീഷൻ വികസിപ്പിച്ചിട്ടുണ്ടെന്ന് യു.ജി.സി അറിയിച്ചു.

********************************************

## NATIONAL MARITIME DAY

സമുദ്രമേഖലയിൽ രാജ്യം കൈവരിച്ച ചരിത്രമുന്നേറ്റങ്ങൾ അനുസ്മരിച്ചുകൊണ്ട് ഇന്ന് 62-ാമത് ദേശീയ സമുദ്ര ദിനം. ഇന്ത്യയുടെ സമ്പന്നമായ സമുദ്ര ചരിത്രം വ്യക്തമാക്കുന്ന വീഡിയോ പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ പങ്കുവച്ചു.

********************************************

## SONOWAL (INTRO )

62-മത് ദേശീയ സമുദ്ര ദിനത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന മാരിറ്റൈം ബോധവത്കരണ വാക്കത്തോൺ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ന്യൂഡൽഹിയിൽ ഫ്ലാഗ് ഓഫ് ചെയ്യു. ഇന്ത്യയെ വികസിത രാഷ്ട്രമാക്കാൻ ഓരോ പൗരനും സംഭാവന ചെയ്യണമെന്ന് പരിപാടിയെ അഭിസംബോധന ചെയ്യുകൊണ്ട് അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ സമുദ്ര മേഖല രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുടെ സുപ്രധാന ഘടകമാണെന്നും ശ്രീ

സോനോവാൾ വ്യക്തമാക്കി.

(ഹോൾഡ്)

*********************************************

## OPERATION D HUND

കേരളത്തിൽ ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 141 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതിന് 149 പേരാണ് അറസ്റ്റിലായത്. ആകെ 2,276 പേരെ പരിശോധനയ്ക്ക് വിധേയമാക്കി.

*********************************************

## VEENA GEORGE

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ വിവിധ സേവനങ്ങൾക്കുള്ള തുക ഡിജിറ്റലായി അടയ്ക്കാൻ കഴിയുന്ന സംവിധാനം സജ്ജമാക്കിയതായി ആരോഗ്യമന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ 313 ആശുപത്രികളിൽ ആരംഭിക്കുന്ന സംവിധാനം ഒരു മാസത്തിനകം മറ്റ് ആശുപത്രികളിൽ കൂടി സജ്ജമാക്കും.

*********************************************

## HINDUSTAN POWER LINKS- CASE

കൊച്ചിയിലെ ഹിന്ദുസ്ഥാൻ പവർ ലിങ്ക്സ് എന്ന സ്ഥാപനത്തിൽ തൊഴിൽ പീഡനം നടന്നെന്ന വാർത്തയിൽ സംസ്ഥാന യുവജന കമ്മീഷൻ സ്വമേധയാ കേസെടുത്തു. എറണാകുളം ജില്ലാ പോലീസ് മേധാവിയോട് കമ്മീഷൻ റിപ്പോർട്ട് തേടിയിട്ടുണ്ട്. സ്ഥാപനത്തിൻറെ കലൂർ ജനതാ

റോഡിലെ ശാഖയിൽ തൊഴിലാളികളെ ഉപദ്രവിക്കുന്ന ദൃശ്യങ്ങൾ പുറത്തായതിനെ തുടർന്നാണ് നടപടി.

*******************************************

## BJP- FOUNDATION DAY

ബിജെപി സ്ഥാപകദിനം നാളെ. തിരുവന്തപുരത്തെ സംസ്ഥാന കാര്യാലയത്തിൽ പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പതാക ഉയർത്തും.

*******************************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നത്തെ ആദ്യ മത്സരത്തിൽ ചെന്നൈ സൂപ്പർ കിംഗ്സിനെതിരെ ഡൽഹി ക്യാപിറ്റൽസിന് 25 റൺസ് ജയം. 184 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ചെന്നൈയ്ക്ക് നിശ്ചിത ഓവറിൽ 5 വിക്കറ്റ് നഷ്ടത്തിൽ 158 റൺ

എടുക്കാനേ കഴിഞ്ഞുള്ളൂ. രണ്ടാം മത്സരത്തിൽ ടോസ് നേടിയ പഞ്ചാബ് കിംഗ്സ്, രാജസ്ഥാൻ റോയൽസിനെ ബാറ്റിംഗിന് അയച്ചു.

*******************************************

## WEATHER KERALA

ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ കേരളത്തിൽ ഇന്നും നാളെയും ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്നും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കൊല്ലം തീരത്ത് ഇന്നും നാളെയും തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ

നാളെയും കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

*******************************************

## MYANMAR - OPERATION BRAHMA

ഭൂകമ്പബാധിത മ്യാൻമറിലേക്കുള്ള ഇന്ത്യയുടെ സഹായ ദൗത്യമായ ഓപ്പറേഷൻ ബ്രഹ്മ' യുടെ ഭാഗമായി 442 ടൺ ഭക്ഷ്യവസ്തുക്കൾ കൂടി മ്യാൻമറിലെത്തിച്ചു. ഇന്ത്യൻ നാവികസേനയുടെ കപ്പലായ ഘരിയാലാണ് അവശ്യവസ്തുക്കൾ തിലാവ തുറമുഖത്ത് എത്തിച്ചത്. മ്യാൻമറിലെ ഇന്ത്യൻ അംബാസഡർ അഭയ് താക്കൂർ യാങ്കോണിലെ മുഖ്യമന്ത്രി യുസോ തീനിന് സഹായം കൈമാറി. ഭൂകമ്പത്തെത്തുടർന്ന് ഭക്ഷണം, ദുരന്ത നിവാരണം, വൈദ്യസഹായം ഉൾപ്പെടെയുള്ളവ ഇന്ത്യ മ്യാൻമാറിന് ലഭ്യമാക്കിയിരുന്നു.

*******************************************

## MYANMAR-ROHINGYA REPATRIATION

ബംഗ്ലാദേശിൽ അഭയം പ്രാപിച്ച 8,00,000 റോഹിംഗ്യകളുടെ പട്ടികയിൽ നിന്ന് 1,80,000 റോഹിംഗ്യകളെ മ്യാൻമറിലേക്ക് മടങ്ങാൻ യോഗ്യരായി കണ്ടെത്തിയതായി മ്യാൻമർ അധികൃതർ സ്ഥിരീകരിച്ചു. ശേഷിക്കുന്ന റോഹിംഗ്യകളുടെ പരിശോധന വേഗത്തിൽ നടത്തുമെന്ന് മ്യാൻമർ അധികൃതർ സ്ഥിരീകരിച്ചു.

*******************************************

## IMMIGRATION AND FOREIGNERS BILL+ BOILERS BILL

ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025, ബോയിലേഴ്സ് ബിൽ 2024 എന്നിവയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. ഇന്ത്യയിലെക്കുള്ള വിദേശികളുടെ

പ്രവേശനം, താമസം തുടങ്ങിയവ നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുള്ളതാണ് ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ.

********************************************************************

***********************